(ബി) പദ്ധതികൾ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന തീയതികൾ ചുവടെ ചേർക്കുന്നു :

പദ്ധതി	ഭാഗികം	പൂർണ്ണം
തിരുവനന്തപുരം	18-5-2010 (കഴിഞ്ഞു)	31-7-2011
മീനാട്(കൊല്ലം)	24-2-2011	31-5-2012
ചേർത്തല	31-3-2011	31-7-2011
കോഴിക്കോട്		30-6-2012
പട്ടുവം	31-3-2011	31-3-2012

(സി) 31-1-2011 വരെ പദ്ധതിക്കായി 1463 കോടി രൂപ വായ്പ ലഭിച്ചു. ലഭിച്ച വായ്പ മുഴുവൻ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഈ ഇനത്തിൽ സംസ്ഥാന വിഹിതമായി ഇതുവരെ 132.8 കോടി രൂപ ചെലവഴിച്ചു.

ജപ്പാൻ കുടിവെള്ള പദ്ധതി

127 (1855) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കോഴിക്കോട് ജില്ലയിൽ പ്രസ്തുത പദ്ധതി ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പദ്ധതി പരിധിയിൽ വരുന്ന പഞ്ചായത്തുകളിലെ വിവിധ കുന്നിൻ പ്രദേശങ്ങളിലേക്ക് ഈ പദ്ധതി എത്തുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) കുന്ദമംഗലം-പന്തീർപ്പാടം പ്രദേശത്ത് ആനിക്കാട്ടുമ്മൽ-തെരേങ്ങൽ ഭാഗത്ത് അതിരൂക്ഷമായ കുടിവെള്ളക്ഷാമം നിലനിൽക്കുന്നതിനാൽ പ്രസ്തുത ഭാഗത്തേക്ക് പദ്ധതിയുടെ പൈപ്പ്‌ലൈൻ നീട്ടണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ പ്രശ്ന പരിഹാരത്തിന് സ്വീകരിക്കാൻ പോകുന്ന നടപടി വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് പദ്ധതി 30-6-2012-ലും തിരുവനന്തപുരം പദ്ധതി 31-7-2011-ലും മീനാട് പദ്ധതി 31-5-2012-ലും ചേർത്തല പദ്ധതി 31-7-2011-ലും പട്ടുവം പദ്ധതി 31-3-2012-ലും പൂർത്തിയാക്കൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കോഴിക്കോട് പദ്ധതിയുടെ വിവിധ പാക്കേജുകളിലെ പ്രവൃത്തികളുടെ ഘട്ടങ്ങൾ താഴെ കൊടുക്കുന്നു :

പാക്കേജ് 1 കിണറും ശുദ്ധീകരണ ശാലയും

ശുദ്ധീകരണശാലയുടെ പ്രവൃത്തികൾ 37% പൂർത്തീകരിച്ചു. കിണറിന്റെ പണികൾ തുടങ്ങിയിട്ടില്ല.

പാക്കേജ് 2എ& 2ബി ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ 87% പൂർത്തീകരിച്ചു.

പാക്കേജ് 3 വിതരണ ശൃംഖലകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ 27% പണികൾ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ പണികൾ ഏറ്റെടുത്ത കരാറുകാരനെ 31-11-2010-ൽ പ്രവൃത്തിയിൽനിന്നും ഒഴിവാക്കുകയും പ്രസ്തുത പാക്കേജ് റീ-ടെണ്ടർ ചെയ്ത് പണികൾ പൂർത്തിയാക്കുവാനുള്ള നടപടികളുമായി മുന്നോട്ട് പോവുകയുമാണ്.

പാക്കേജ് 4 ജലവിതരണ സംഭരണികൾ

പദ്ധതിയുടെ ഭാഗമായി പണിയുന്ന 20 സംഭരണികളിൽ 14 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ചു. 3 എണ്ണത്തിന്റെ പണികൾ പുരോഗമിക്കുന്നു. മറ്റ് 3 സംഭരണികൾ പണിയുവാനുള്ള സ്ഥലം ലഭിക്കാത്തതിനാൽ പണികൾ ആരംഭിച്ചിട്ടില്ല.

തലക്കുളത്തൂർ, കാക്കൂർ, നരിക്കുനി എന്നീ സംഭരണികൾ പണിയുന്നതിന് സ്ഥലം ലഭിച്ചുകഴിഞ്ഞാൽ ഇവയുടെ പ്രവൃത്തികൾക്ക് പ്രത്യേക ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കും. സ്ഥലം എടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പാക്കേജ് 5 റീഹാബിലിറ്റേഷൻ പ്രവൃത്തികൾ

നിലവിലുള്ള കോഴിക്കോട് നഗര ശുദ്ധജല വിതരണ പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ ടെണ്ടർ ചെയ്യുവാനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(സി) കുന്ദമംഗലം നിയോജക മണ്ഡലത്തിലെ കുന്ദമംഗലം, കുരുവട്ടൂർ, പെരുവയൽ, പെരുമണ്ണ എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പദ്ധതി പ്രദേശത്തെ മുഴുവൻ ജനവാസ കേന്ദ്രങ്ങളിലേക്കും ജലവിതരണം എത്തിക്കുന്നതിനാവശ്യമായ വിതരണ ശൃംഖല രൂപകൽപന ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മറ്റൊരുഘട്ടമായി ശേഷിക്കുന്ന വിതരണക്കുഴലുകൾ സ്ഥാപിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) ഉണ്ട്.

(ജി) കുന്ദമംഗലം പന്തീർപ്പാടം പ്രദേശത്തെ ആനിക്കാട്ടുമ്മൽ-തെങ്ങേൽ ഭാഗത്ത് ജപ്പാൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രദേശമല്ല. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ അടുത്തഘട്ടം നടപ്പാക്കുമ്പോൾ കുന്ദമംഗലം പന്തീർപ്പാടം പ്രദേശത്തെ തെരേങ്ങൽ ഭാഗത്തെകൂടി ഉൾപ്പെടുത്തുന്ന കാര്യം സാങ്കേതികമായി പരിശോധിച്ചശേഷം തീരുമാനിക്കുന്നതാണ്.

പള്ളുരുത്തിയിലെ കുടിവെള്ളക്ഷാമം

128 (1856) ശ്രീ. സി. എം. ദിനേശ്മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളുരുത്തിയിലെ ഇടക്കൊച്ചി പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ&ബി) പ്രദേശത്തെ വിതരണശേഷി വർദ്ധിപ്പിക്കുന്നതിന് ഇളംകുളം പമ്പുഹൗസിൽനിന്നും കൂടുതൽ ജലം ലഭ്യമാക്കുന്നതിനായി കാരണം തോടത്ത് 1200 എം.എം. പൈപ്പ് 766 മീറ്റർ സ്ഥാപിച്ച് ഇന്റർ കണക്ഷൻ ചെയ്യുന്ന പ്രവൃത്തിയുടെ ടെണ്ടർ പരിശോധനയിലാണ്. ടി ജോലി പൂർത്തിയാകുന്ന മുറയ്ക്ക് മേഖലയിലെ ജലവിതരണം മെച്ചപ്പെടുന്നതാണ്.

കൊടുവള്ളിമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

129 (1857) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം വാട്ടർ അതോറിറ്റി കൊടുവള്ളിമണ്ഡലത്തിൽ പൂർത്തിയാക്കി കമ്മീഷൻ ചെയ്ത കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പൂർത്തിയാക്കാനുള്ള പ്രവൃത്തി ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) എന്നത്തേക്ക് ഇവ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) കെ.എസ്.ഇ.ബി.യിൽ പണമടയ്ക്കാത്തതിനാൽ കമ്മീഷൻ ചെയ്യാൻ സാധിക്കാത്തവ എത്രയാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly